# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7474 — 17.7.2012-ൽ മറുപടിയ്ക്ക്

**ചെറുകിട കർഷകർക്ക് പെൻഷൻ നൽകാനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. കെ. ജയചന്ദ്രൻ | | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)** |
| (എ) | ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള ചെറുകിട കർഷകർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ; | (എ) | ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി പ്രകാരം .അപേക്ഷകൻ 2 ഹെക്ടറോ അതിന് താഴെയോ കൃഷി ഭൂമിയുള്ള ആളും 13.2.2012-ൽ 60 വയസ്സ് പൂർത്തീകരിച്ച ചെറുകിട നാമമാത്ര കർഷകനുമായിരിക്കണം. നെല്ല്, തെങ്ങ് , പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ. സുഗന്ധ വിളകൾ തുടങ്ങിയ ഏത് വിളകളും കൃഷി ചെയ്യുന്ന കർഷകനും ആനുകൂല്യം നൽകാവുന്നതാണ്. |
| (ബി) | നിലവിൽ സംസ്ഥാനത്ത് എത്ര കർഷകർക്ക് പെൻഷൻ ലഭിക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | (ബി) | ചെറുകിട നാമമാത്ര കർഷക പെൻഷനുള്ള അപേക്ഷകൾ എല്ലാ കൃഷിഭവനുകളിലും 2012 ജൂൺ 15 വരെ സ്വീകരിച്ചിട്ടുണ്ട് • അർഹരായ കർഷകരുടെ ലിസ്റ്റ് , കാർഷിക വികസനസമിതിയുടെ അംഗീകാരം ലഭിച്ചതിനുശേഷം ജില്ലാ ഓഫീസുകളിൽ നിന്നും ക്രോഡീകരിച്ച് കിട്ടുന്ന മുറയ്ക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**